# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ജൂൺ 27<br>JUNE 27 | 2018 |

*1193 മിഥുനം 13 ബുധൻ*

# പത്രക്കുറിപ്പ്

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**പ്രോജക്ട് ഡയറക്ടർ ഒഴിവ്**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)ഉം സാമൂഹ്യനീതി വകുപ്പും ചേർന്ന് നടത്തുന്ന വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെടുന്നവർക്ക് മാനസികാരോഗ്യ പരിപാലനം എന്ന പ്രോജക്ടിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ പ്രോജക്ട് ഡയറക്ടറെ നിയമിക്കുന്നു. സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിലും പി.എച്ച്.ഡിയുമാണ് യോഗ്യത. പി.എച്ച്.ഡി യോഗ്യതയുള്ളവരുടെ അഭാവത്തിൽ സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിലും കമ്മ്യൂണിറ്റി സൈക്യാട്രിയിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമുള്ളവരെ പരിഗണിക്കും. അപേക്ഷ ജൂലൈ മൂന്നിനകം ഡയറക്ടർ, ഇംഹാൻസ്, മെഡിക്കൽ കോളേജ് പി.ഒ, കോഴിക്കോട്, 673008 എന്ന വിലാസത്തിൽ ലഭ്യമാക്കണം. directorimhans@gmail.com എന്ന ഇ–മെയിൽ വഴിയും അപേക്ഷ സ്വീകരിക്കും. ഫോൺ: 0495 2359352.

(പിഎൻപി 1681/18)

**വയോജനങ്ങൾക്ക് താങ്ങാകാൻ ഇരവിപേരൂരിൽ സായംപ്രഭ പദ്ധതി**

വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് കൈത്താങ്ങായി ഇരവിപേരൂർ പഞ്ചായത്തിൽ സായംപ്രഭ പദ്ധതി. വീടുകളിൽ ഒറ്റപ്പെട്ട് പോകുന്ന വയോജനങ്ങൾക്ക് താങ്ങാകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിലെ 27 അങ്കണവാടികളിലൂടെ വയോജന ക്ലബ്ബ് രൂപീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പകൽ മക്കൾ ജോലിക്കും പേരക്കുട്ടികൾ സ്

കൂളിലും പോയിക്കഴിഞ്ഞാൽ ഒറ്റപ്പെടുന്ന അവസ്ഥ വയോജനങ്ങൾ നേരിടുന്നുണ്ട്. കൂടാതെ ഇവരുടെ ശാരീരിക മാനസിക ആരോഗ്യനില നിശ്ചിത ഇടവേളകളിൽ പരിശോധിക്കപ്പെടുകയും പരിചരണം ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് പരിഹാരമായാണ് സായംപ്രഭ ആവിഷ്കരിക്കുന്നത്.

വീട്ടിലെ മുതിർന്നവരെ മുഖ്യധാരയിലേക്കെത്തിച്ച് മികച്ച ജീവിതസാഹചര്യം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സായംപ്രഭ ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി മൂന്ന് മാസം കൂടുമ്പോൾ വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് നടത്തും. ഇവർക്ക് ആവശ്യമായ കണ്ണട, വോക്കിംഗ് സ്റ്റിക്ക്, കേൾവി സഹായി ഉപകരണം തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യുക, പോഷകാഹരങ്ങൾ നൽകുക, വിനോദയാത്ര, സിനിമാ പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കാനും പദ്ധതിയിലൂടെ പഞ്ചായത്ത് ലക്ഷ്യമിടുന്നു. കർക്കിടക മാസത്തിൽ ഇവർക്കായി കർക്കടക കിറ്റും നൽകും. കിടപ്പുരോഗികൾക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ആവശ്യമായ പരിചരണം പഞ്ചായത്ത് നേതൃത്വത്തിൽ ലഭ്യമാക്കുന്നുണ്ട്.

വയോജനങ്ങൾക്ക് തങ്ങളുടെ അനുഭവങ്ങളും കഴിവുകളും പങ്കിടാനുള്ള വേദിയും പദ്ധതിയുടെ ഭാഗമായി ഒരുക്കും. ലാഫിംഗ് ക്ലബ്ബും ഇതിനോടൊപ്പം സജ്ജമാക്കും. വാർഡ് തലത്തിൽ ഓരോ കൂട്ടങ്ങളായി ആദ്യം അറുപത് വയസിന് മുകളിൽ ഉള്ളവരെ വിളിച്ചു ചേർത്താണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 60 മുതൽ 75 വയസു വരെയുള്ളവരാണ് നിലവിൽ സായംപ്രഭയിൽ പങ്കാളികളായിട്ടുള്ളത്.

11,33,510 രൂപയാണ് പദ്ധതിക്കായി പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് പ്രസിഡണ്ട് ഗീതാ അനിൽകുമാർ, വൈസ്പ്രസിഡന്റ് അഡ്വ. എൻ രാജീവ് എന്നിവർ അറിയിച്ചു. ഐസിഡിഎസ് സൂപ്പർവൈസർ ടി.ആർ ലതാകുമാരിക്കാണ് പദ്ധതിയുടെ നിർവഹണ ചുമതല. (പിഎൻപി 1682/18)

## ആയുർവേദ മെഡിക്കൽ ഓഫീസർ ഒഴിവ്

ജില്ലയിലെ വിവിധ ഗവൺമെന്റ് ആയുർവേദ ആശുപത്രി/ഡിസ്പെൻസറികളിൽ നിലവിലുള്ള/ഉണ്ടാകുന്ന മെഡിക്കൽ ഓഫീസർമാരുടെ ഒഴിവിലേക്ക് പ്രതിദിനം 1365 രൂപ നിരക്കിലും പ്രതിമാസം 40950 രൂപയിൽ കവിയാതെയും ദിവസവേതനാടിസ്ഥാനത്തിൽ താത്ക്കാലിക നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ബിഎഎംഎസും റ്റി.സി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുള്ളവരുമായിരിക്കണം അപേക്ഷകർ. പ്രായപരിധി 50 വയസ്. താത്പര്യമുള്ളവർ മേലേവെട്ടിപ്രത്ത് പ്രവർത്തിക്കുന്ന ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ ജൂലൈ അഞ്ചിന് രാവിലെ 11 നടക്കുന്ന കൂടിക്കാഴ്ചയിൽ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, ആധാർ എന്നിവയുടെ അസൽ പകർപ്പ് സഹിതം പങ്കെടുക്കണം. ഫോൺ: 0468 2324337. (പിഎൻപി 1683/18)

## ഐടിഐ അഡ്മിഷൻ

ഐടിഐ അഡ്മിഷൻ ലഭിക്കുന്നതിന് ഈ മാസം 30 വരെ അപേക്ഷിക്കാം. ഐടിഐകളിൽ നേരിട്ടും അക്ഷയ സെന്ററുകൾ മുഖേനയും www.itiadmissions.kerala.gov.in എന്ന വെബ്സൈറ്റ് വഴിയും അപേക്ഷ നൽകാം. ഓൺലൈൻ അപേക്ഷ നൽകിയതിന് ശേഷം ലഭിക്കുന്ന പ്രിന്റ് ഔട്ടും നിശ്ചിത ഫീസും ബന്ധപ്പെട്ട രേഖകളും അവയുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പും ഏതെങ്കിലും ഗവൺമെന്റ് ഐടിഐയിൽ പരിശോധനയ്ക്ക് നൽകണം. കൂടുതൽ വിവരത്തിന് ഫോൺ: 0468 2258710.

(പിഎൻപി 1684/18)

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഇന്റർവ്യൂ നാളെ (29)

റാന്നി ഗവൺമെന്റ് ഐടിഐയിൽ ഇലക്ട്രോണിക് മെക്കാനിക്ക് ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രോണിക്സ് ട്രേഡിൽ എൻജിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ/എൻടിസിയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും/ എൻ.എ.സിയും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. താത്പര്യമുള്ളവർ നാളെ (29ന്) രാവിലെ 10ന് ഐടിഐയിൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ: 04735 221085. (പിഎൻപി 1685/18)

## ദേശീയ പാനീയചികിത്സാ വാരാചരണം : മത്സരവിജയികൾ

ദേശീയ പാനീയചികിത്സാ വാരാചരണത്തോടനുബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ജലജന്യരോഗങ്ങളും അവയുടെ നിയന്ത്രണവും എന്ന വിഷയത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ക്വിസ് മത്സരവും ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി ഉപന്യാസരചനാ മത്സരവും നടത്തി.

ക്വിസ് മത്സരത്തിൽ കുന്നന്താനം എൻഎസ്എസ് എച്ച്എസിലെ വി.അരവിന്ദ് ഒന്നാം സ്ഥാനവും തിരുവല്ല മാർതോമ റസിഡൻഷ്യൽ സ്കൂളിലെ കെ.അനന്തകൃഷ്ണൻ രണ്ടാം സ്ഥാനവും പ്രമാടം നേതാജി എച്ച്എസ്എസിലെ ലക്ഷ്മി ദിലീപ്, തുമ്പമൺ എംജിഎച്ച് എസിലെ കൃഷ്ണപ്രിയ എന്നിവർ മൂന്നാം സ്ഥാനവും നേടി. ഉപന്യാസ രചനയിൽ കാഞ്ഞീറ്റുകര എസ്എൻഡിപി വിഎച്ച്എസ്എസിലെ ജിൻഷാ വിജയൻ ഒന്നാം സ്ഥാനവും ആറന്മുള ജിവിഎച്ച്എസ്എസിലെ സംഗീത സോമൻ രണ്ടാം സ്ഥാനവും കവിയൂർ എൻഎസ്എസ്എച്ച്എസ്എസിലെ കെ.സുദർശന മൂന്നാം സ്ഥാനവും നേടി.

(പിഎൻപി 1686/18)

## വൈദ്യുതി കുടിശിക : ഇളവുകളോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

വൈദ്യുതി കുടിശിക തീർക്കുന്നതിന് കെ.എസ്.ഇ.ബി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. പലിശയിൽ വൻ ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വൈദ്യുതി കുട ിശിക സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ ഒത്തുതീർപ്പാക്കാനും പദ്ധതി പ്രയോജനപ്പെടുത്താം. കുടിശിക തീർപ്പാക്കാനുള്ള അപേക്ഷ ആഗസ്റ്റ് 31 വരെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരം വൈദ്യുതി ബോർഡിന്റെ വെബ്സൈറ്റിലും ഓഫീസുകളിലും ലഭിക്കും. വൈദ്യുതി കുടിശികയുള്ളവർ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർ അറിയിച്ചു. (പിഎൻപി 1687/18)

## ജില്ലയിൽ ട്രാൻസ്ജെൻഡേഴ്സ് തുല്യതാപഠിതാക്കൾ 24 പേർ

സാക്ഷരതാമിഷന്റെ കീഴിലുള്ള തുല്യതാ പഠനത്തിൽ അക്ഷരവെളിച്ചം തേടി ജില്ലയിലെ 24 ട്രാൻസ്ജെൻഡേഴ്സ്. തുടർവിദ്യാഭ്യാസം എന്നത് സ്വപ്നം മാത്രമായി മാറിയ ഇവർക്ക് സാക്ഷരതാ മിഷനാണ് വിദ്യയുടെ പുതുവഴി തെളിക്കുന്നത്. ഏഴ്, പത്ത്, പ്ലസ് വൺ ക്ലാസുക ളിലായി 24 പേരാണ് ജില്ലയിൽ പ്രവേശനം നേടിയിരിക്കുന്നത്. ഏഴാം ക്ലാസിൽ അഞ്ച് പേ രും, പത്താം ക്ലാസിൽ നാലും, പ്ലസ് വണ്ണിന് 15 പേരുമാണ് ഈ അദ്ധ്യയന വർഷത്തിൽ പ്ര വേശനം നേടിയത്. സർക്കാരിന്റെ സമന്വയ പദ്ധതിയുടെ ഭാഗമായാണ് ട്രാൻസ്ജെൻഡറുക ളുടെ തുടർവിദ്യാഭ്യാസം.

ഞായറാഴ്ചകളിൽ നടക്കുന്ന തുല്യതാക്ലാസുകളിൽ മറ്റ് പഠിതാക്കൾക്കൊപ്പം തന്നെ യാണ് ട്രാൻസ്ജെൻഡർ പഠിതാക്കളും പഠിക്കുന്നത്. പന്തളം കുളനട ഹയർ സെക്കണ്ടറി സ് കൂളിലാണ് ക്ലാസുകൾ നടക്കുന്നത്. കോളേജ്, പ്ലസ്ടു അദ്ധ്യാപകരാണ് ക്ലാസുകൾ കൈ

കാര്യം ചെയ്യുന്നത്. പ്ലസ്ടുവിന് വിദ്യാർഥികൾക്ക് മലയാളത്തിലും പരീക്ഷ എഴുതുവാൻ കഴിയും. രാവിലെ പത്ത് മുതൽ വൈകിട്ട് അഞ്ച് വരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. ജില്ലയിൽ നടക്കുന്ന കലാ-കായിക മത്സരങ്ങളിലും ട്രാൻസ്ജെൻഡേഴ്സിന്റെ പങ്കാളിത്തം സാക്ഷരതാമിഷൻ ഉറപ്പ് വരുത്താറുണ്ട്. ഇരുപതിനും അറുപത് വയസിനും ഇടയിലുള്ള പഠിതാക്കളാണ് ജില്ലയിലുള്ളത്. തുടർ വിദ്യാഭ്യാസ പഠിതാക്കൾക്കായി സർക്കാർ സ്കോളർഷിപ്പും ഏർപ്പെടുത്തിയിട്ടുണ്ട്. ഏഴ്, പത്ത് ക്ലാസ് വിദ്യാർഥികൾക്ക് ആയിരം രൂപയും, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് 1200 രൂപയും ഓരോ മാസവും സ്റ്റൈപെൻഡായി നൽകുന്നുണ്ട്.

ജില്ലയിൽ നാലാം ക്ലാസ് പഠനം ആരംഭിക്കാനുന്നതിനുള്ള നടപടികളിലാണ് ഇപ്പോൾ സാക്ഷരതാമിഷൻ. ജില്ലയിലെ ടാൻസ്ജെൻഡർ വിഭാഗത്തിനുള്ള തൊഴിൽപരിശീലനവും സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നു.

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ട്രാൻസ്ജെൻഡറുകൾക്കായി ട്രാൻസ്ജെൻഡർ സെൽ, 24 മണിക്കൂർ ട്രാൻസ്ജെൻഡർ ഹൈൽപ് ലൈൻ തുടങ്ങി സൗഹാർദപരമായ നിരവധി പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന്റെ കൂടി സഹകരണത്തോടെ ആവിഷ്കരിച്ചിരുന്നു. ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിന്റെ തുടർവിദ്യാഭ്യാസ പദ്ധതിയായ സമന്വയയുടെ ഭാഗമായി പഠിതാക്കൾക്കായുള്ള സ്കോളർഷിപ്പ് -ഷെൽട്ടർ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് നടക്കും. രാവിലെ 11ന് തിരുവനന്തപുരം തൈക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ ശൈലജ ഉദ്ഘാടനം നിർവഹിക്കും. (പിഎൻപി 1688/18)

## ലഹരിവിരുദ്ധ ദിനാചരണം നടത്തി

മലയാഴപ്പുഴ ജെഎംപി ഹൈസ്കൂളിൽ ലഹരിവിരുദ്ധ ദിനാചരണം നടത്തി. നവജീവ കേന്ദ്രം ഡയറക്ടർ ഫാദർ മോൻസി ജേക്കബ് ലഹരിവിരുദ്ധ ക്ലാസ് എടുത്തു. കുട്ടികൾ തയാറാക്കിയ ലഹരിവിരുദ്ധ പതിപ്പുകളും പോസ്റ്ററുകളും പ്രകാശനം ചെയ്തു. പിടിഎ പ്രസിഡന്റ് ദിലീപ് കുമാർ, ഹെഡ്മിസ്ട്രസ് ജെസി കെ. ജോൺ, വിദ്യാർത്ഥി പ്രതിനിധി ആരതി കെ.ദാസ് എന്നിവർ സംസാരിച്ചു. (പി എൻപി 1689/18)

## മിനിമം വേതന ഉപദേശക സമിതി സബ്കമ്മിറ്റി യോഗം ജൂലൈ 10ന്

സംസ്ഥാനത്തെ മൈനർ എഞ്ചിനിയറിംഗ്, ഫർണിച്ചർ വ്യവസായ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുതിനുള്ള മിനിമം വേതന ഉപദേശക സമിതി സബ്കമ്മിറ്റി ജൂലൈ 10ന് തിരുവനന്തപുരം തൊഴിൽ ഭവനിലെ കോൺഫറൻസ് ഹാളിൽ ചേരും. രാവിലെ 10.30ന് മൈനർ എഞ്ചിനിയറിംഗ് മേഖലയിലേതും ഉച്ചക്ക് 12 മണിക്ക് ഫർണിച്ചർ വ്യവസായ മേഖലയിലേതും തെളിവെടുപ്പ് നടത്തും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മൈനർ എഞ്ചിനീയറിംഗ്, ഫർണിച്ചർ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കണമെന്ന് സമിതി സെക്രട്ടറി അറിയിച്ചു. (പിഎൻപി 1690/18)

## "ഓടാം ചാടാം ഒളിമ്പിക്സിലേക്ക്" പദ്ധതിയുമായി ഏഴംകുളം പഞ്ചായത്ത്

ഭാവിയിൽ ഒരു ഒളിമ്പിക്സ് മെഡൽ എന്ന ലക്ഷ്യം മുൻനിർത്തി ഏഴംകുളം പഞ്ചായത്തിന്റെ "ഓടാം ചാടാം ഒളിമ്പിക്സിലേക്ക്" പദ്ധതി. അഞ്ച് വയസിനും മുപ്പത് വയസിനും ഇടയിലുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും കായികപരിശീലനം നൽകുന്ന പരിപാടിയാണ് ഓടാം ചാടാം ഒളിമ്പിക്സിലേക്ക്. സംസ്ഥാനത്ത് തന്നെ ആദ്യമായാണ് ഇത്തരത്തിൽ വേറിട്ടൊരു പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കുന്നത്. 2017 ലാണ് പഞ്ചായത്തിൽ

ഈ പദ്ധതി ആരംഭിച്ചത്. മികച്ച രീതിയിലുള്ള പരിശീലനം ഉറപ്പായതോടെ പദ്ധതി വിജയം കാണുകയായിരുന്നു. സ്പോർടസ് കൗൺസിലിലെ അധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്ന പരിശീലനപരിപാടി ഈ വർഷവും തുടരുന്നു. നൂറ് ദിവസമാണ് പരിശീലനകാലാവധി. കഴിഞ്ഞ വർഷം 250 ഓളം പേരാണ് കായികപരിശീലനത്തിൽ അംഗത്വം നേടിയത്.എല്ലാ അവധി ദിവസങ്ങളിലും ഏഴ് മണിക്ക് തുടങ്ങുന്ന പരിശീലനം പത്ത് മണിവരെയാണ് ക്രമീകരിച്ചിരിക്കുന്നത്. പരിശീലനത്തിന് ആവശ്യമായ തുക പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും വകയിരുത്തുകയാണ്. കൂടാതെ ജങ്ക് ഫുഡുകളെ പരമാവധി ഒഴിവാക്കി പരിശീലനത്തിനെത്തുന്ന കായികതാരങ്ങൾക്ക് ആവിയിൽ വേവിച്ചെടുത്ത ആഹാരവും വിതരണം ചെയ്യുന്നുണ്ട്. കുടുംബശ്രീ പ്രവർത്തകരാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത്.

പ്രധാനപ്പെട്ട അത്‌ലറ്റിക്സ് ഇനങ്ങളായ വുഷു, ഹോക്കി, ഫുട്ബോൾ, വോളിബോൾ, തുടങ്ങിയ കായികഇനങ്ങളാണ് പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ നീന്തൽ ഫെൻസിംഗ്, ആർച്ചറി തുടങ്ങിയ കായിക ഇനങ്ങൾക്കൂടി ഈ വർഷം ഉൾപ്പെടുത്തും. ഏഴംകുളം പഞ്ചായത്തിലെ അറുകാലിക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വച്ചാണ് പരിശീലനം നൽകുന്നത്. പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കാതെ ഇനി വരുന്ന പഞ്ചായത്ത് ഭരണസമിതിയിലും ഈ പദ്ധതി തുടർന്ന് കൊണ്ട് പോകാനാണ് ശ്രമം. കുട്ടികൾക്ക് വേണ്ടി ചിലവാക്കാനുദ്ദേശിക്കുന്ന തുക പത്ത് ലക്ഷവും യുവജനങ്ങൾക്ക് വേണ്ടി രണ്ട് ലക്ഷവുമാണ് മാറ്റി വച്ചിരിക്കുന്നത്. നാട്ടുകാരുടെ മുഴുവൻ സഹകരണവും പദ്ധതി നടത്തിപ്പിലുണ്ട്. അടൂർ അർബൻ ബാങ്കാണ് കായികതാരങ്ങൾക്കുള്ള ജഴ്സി വിതരണം നടത്തുന്നത്. സ്വന്തമായി ഒരു ഫുട്ബോൾ ടീമും ഇതിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് വിജു രാധാകൃഷ്ണൻ പറഞ്ഞു.

ഓടാം ചാടാം ഒളിമ്പിക്സിലേക്ക് പദ്ധതിയിൽ പരിശീലനം ലഭിച്ച വിദ്യാർഥികളുടെയും രക്ഷകർത്താക്കളുടെയും സംഗമം 30ന് ഉച്ചയ്ക്ക് രണ്ടിന് ഏഴംകുളം എംസൺ ഓഡിറ്റോറിയത്തിൽ ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. കായിക പരിശീലനം ലഭിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.അനിൽകുമാർ നിർവഹിക്കും. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഏഴംകുളം ഗ്രാമപഞ്ചായത്തിന് അനുവദിച്ച സ്പോർട്സ് കിറ്റ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൗദാരാജൻ കൈമാറും. വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള ട്രോഫികൾ ജില്ലാ പഞ്ചായത്തംഗം ബി.സതികുമാരി വിതരണം ചെയ്യും. 2018-19ലെ സ്പോർട്സ് പരിശീലന രജിസ്ട്രേഷൻ ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം ആർ.ബി.രാജീവ് കുമാർ നിർവഹിക്കും. (പിഎൻപി 1691/18)

## പനി: 524 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (27) 524 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ ഏഴ് പേരിൽ ആറ് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ പ്രമാടത്ത് ഒരാളും ഹെപ്പിറ്റൈറ്റിസ് എ ബാധിച്ച് തിരുവല്ലയിൽ ഒരാളും ചികിത്സ തേടി. മൂന്ന് പേർക്ക് ചിക്കൻപോക്സും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 66 പേർ ചികിത്സ തേടി. വല്ലന, കോയിപ്രം, വെച്ചൂച്ചിറ, മലാലപ്പുഴ എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. (പിഎൻപി 1692/18)

## ശബരിമല തീർഥാടനം : യോഗം ഇന്ന് (28)

ശബരിമല തീർഥാടനത്തിന് മുന്നോടിയായി ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഇന്ന് (28) രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. (പിഎൻപി 1693/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്